"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന വകുപ്പ്- ഓഖി ദുരന്ത ബാധിതരുടെ ആശ്രിതർക്കുള്ള ഭവന പദ്ധതി ആനുകൂല്യം ശ്രീമതി വിമല W/o ഡേവിൽസൺ എന്നവർക്ക് ഓഖി ദുരന്ത ബാധിതരുടെ ആശ്രിതർക്കുള്ള ഭവന നിർമ്മാണ ധനസഹായം ഒരു പ്രത്യേക കേസായി പരിഗണിച്ച് മാനുഷിക പരിഗണന നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.577/2024/F&P തീയതി,തിരുവനന്തപുരം, 05-09-2024

---

പരാമർശം:- 1. ഫിഷറീസ് ഡയറക്ടറുടെ 15/03/2024-ലെ DFTVM/883/2022-N1 നമ്പർ കത്ത്.

2. ഫിഷറീസ് ഡയറക്ടറുടെ 10/05/2024-ലെ DFTVM/144/2024-N1 നമ്പർ കത്ത്.

**<u>ഉത്തരവ്ഡേവിൽസൺ</u>**

ശ്രീമതി വിമലയുടെ ഭർത്താവായ ശ്രീ ഡേവിൽസൺ 2017 നവംബർ 30-ന് ഓഖി ദുരന്തത്തിൽ മരണപ്പെടുകയും തുടർന്ന് കടുംബ വീട്ടിൽ നിന്നും മാറേണ്ടി വന്ന സാഹചര്യം ആയതിനാൽ ശ്രീ ഡേവിൽസൺ മരിക്കുന്നതിനു മുൻപ് വസ്തു വാങ്ങുന്നതിനു വേണ്ടി അഡ്വാൻസ് നൽകിയിരുന്ന ഭൂമി 2018 ഓഗസ്റ്റ് മാസം രജിസ്റ്റർ ചെയ്യുകയും ആ വസ്തുവിന്റെ പ്രമാണം പൊഴിയൂർ SBI ശാഖയിൽ ഈട് വച്ച് 2019 ഏപ്രിൽ മാസം 19,39,481/- രൂപാ ഭവന വായ്പ എടുക്കുകയും ചെയ്തിരുന്നതായി ഫിഷറീസ് ഡയറക്ടർ പരാമർശം (1) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു. 2019 സെപ്റ്റംബർ മാസത്തിൽ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും പുതിയ ഭവനത്തിൽ താമസിച്ചു തുടങ്ങുകയും ചെയ്തതായും 2019 ഓഗസ്റ്റിൽ ഭവന നിർമാണത്തിന്റെ പൂർത്തീകരണ വേളയിലാണ് ശ്രീമതി വിമലയെ ഓഖി ഭവനനിർമ്മാണ ആനുകൂല്യത്തിനു വേണ്ടി തെരഞ്ഞെടുത്തതെന്നും ഫിഷറീസ് ഡയറക്ടർ പരാമർശം (1) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു. കൂടാതെ, ഡേവിൽസൺ വേർപാടിൽ തനിച്ചായ കുടുംബം പാർപ്പിടം ഏറ്റവും അത്യാവശ്യമായി തോന്നിയ അവസ്ഥയിൽ മറ്റ് മാർഗ്ഗങ്ങളില്ലാതെ ബന്ധുമിത്രാദികളാൽ തിരസ്ക്കരിക്കപ്പെട്ട് മറ്റ് ഉപാധികൾ ഇല്ലാതെയാണ് ആ സമയത്ത് ബാങ്ക് വായ്പ എടുത്ത് ഭവന നിർമ്മാണം തുടങ്ങിയതെന്നും ഫിഷറീസ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2) ഓഖി ദുരന്ത ബാധിതരുടെ ആശ്രിതർക്കുള്ള ഭവന പദ്ധതിയുടെ നടത്തിപ്പിനായി തിരുവനന്തപുരം ജില്ലയിൽ ആകെ അനുവദിച്ചിട്ടുള്ള തുകയായ 3,44,00,000/-രൂപയിൽ 2,27,71,620/-രൂപ ചെലവഴിക്കുകയും 1,16,28,380/-രൂപ ബാക്കി നിൽക്കുകയും ചെയ്യുന്നുണ്ടെന്നും, പദ്ധതിയിൽ സ്വന്തമായി ഭൂമിയുള്ളതും ഭവനം ഇല്ലാത്തതുമായ 7 ഗുണഭോക്താക്കൾ ഉണ്ടെന്നും ടി വിഭാഗത്തിൽ ആകെ 28,00,000/-വകയിരുത്തിയതിൽ 17,50,000/-രൂപ ബാക്കി നിൽക്കുന്നുണ്ടെന്നും ഫിഷറീസ് ഡയറക്ടർ പരാമർശം (1) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിനാൽ, വലിയൊരു തുക ബാങ്കിൽ തിരിച്ചടവിനായുള്ള സാഹചര്യത്തിൽ ഭിന്നശേഷിക്കാരിയും വിധവയുമായ ശ്രീമതി വിമലയുടെ അപേക്ഷ അനുഭാവപൂർവം പരിഗണിച്ച് ഓഖി ദുരന്ത ബാധിതരുടെ ആശ്രിതർക്കുള്ള ഭവന നിർമ്മാണ ആനുകൂല്യം നൽകുന്നതിനുള്ള അനുമതി നൽകണമെന്ന് ഫിഷറീസ് ഡയറക്ടർ പരാമർശം (1) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഭിന്നശേഷിക്കാരിയും വിധവയുമായ ശ്രീമതി വിമലയുടെ അപേക്ഷ അനുഭാവപൂർവം പരിഗണിച്ചും ഓഖി ദുരന്ത ബാധിതരുടെ ആശ്രിതർക്കുള്ള ഭവന നിർമ്മാണ ആനുകൂല്യം നൽകുന്നതിനുള്ള അനുമതി നൽകണമെന്ന ഫിഷറീസ് ഡയറക്ടറുടെ ശിപാർശ കണക്കിലെടുത്തും ഇത് ഒരു പ്രത്യേക കേസായി പരിഗണിച്ച് മാനുഷിക പരിഗണന നൽകി ശ്രീമതി വിമല W/o ഡേവിൽസൺ എന്നവർക്ക് ഓഖി ദുരന്ത ബാധിതരുടെ ആശ്രിതർക്കുള്ള ഭവന നിർമ്മാണ ആനുകൂല്യമായ 4 ലക്ഷം രൂപ ജില്ലാ ഓഫീസറുടെ STSB അക്കൗണ്ടിൽ നിന്നും അനുവദിക്കുന്നതിന് ഫിഷറീസ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**K S SRINIVAS**

പ്രിൻസിപ്പൽ സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ , തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്) കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (എ & ഇ) കേരളം, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Sabitha Shiju
Date: 06-09-2024 12:30:50
സെക്ഷൻ ഓഫീസർ